"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ് - കാലവർഷക്കെടുതികൾ - എസ്.ഡി.ആർ.എഫ്. - കോട്ടയം ജില്ല - കാഞ്ഞിരപ്പള്ളി ബ്ലോക്കിൽപ്പെട്ട പാറത്തോട് ഗ്രാമപഞ്ചായത്തിലെ പാലമ്പ്രാ - വക്കപ്പാറ റോഡ് - പുനരുദ്ധാരണ പ്രവൃത്തിയുടെ പൂർത്തികരണത്തിനുണ്ടായ കാലതാമസം മാപ്പാക്കി അന്തിമ ബിൽ തുക അനുവദിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ദുരന്തനിവാരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.217/2025/DMD തീയതി,തിരുവനന്തപുരം, 05-04-2025

---

പരാമർശം:-
1. 18.02.2022 തീയതിയിലെ സ. ഉ. (സാധാ) നം. 162/2022/ഡി.എം.ഡി.
2. 07.07.2023 തീയതിയിലെ സ. ഉ. (സാധാ) നം. 431/2023/ഡി.എം.ഡി.
3. കോട്ടയം ജില്ലാകളക്ടറുടെ 27.03.2025 തീയതിയിലെ DCKTM/12666/2022-DM2 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

എസ്.ഡി.ആർ.എഫ്. മാനദണ്ഡ പ്രകാരം കാലവർഷക്കെടുതിയിൽ ഗതാഗതയോഗ്യമല്ലാതായിത്തീർന്ന റോഡുകളുടെ പുനരുദ്ധാരണത്തിൽ ഉൾപ്പെടുത്തി പരാമർശം (1) ഉത്തരവ് പ്രകാരം അഞ്ച് ലക്ഷം രൂപയുടെ ഭരണാനുമതി കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി ബ്ലോക്കിൽപ്പെട്ട പാറത്തോട് ഗ്രാമപഞ്ചായത്തിലെ പാലമ്പ്രാ - വക്കപ്പാറ റോഡ് പ്രവൃത്തിക്ക് ലഭിക്കുകയും പരാമർശം (2) ഉത്തരവ് പ്രകാരം പ്രസ്തുത ഭരണാനുമതി പുതുക്കി ലഭിക്കുകയും ചെയ്തിരുന്നു. അതിൻപ്രകാരം 01.01.2024 തീയതിയിൽ കരാറിൽ ഏർപ്പെട്ട് 17.01.2025 തീയതിയിലാണ് പ്രവൃത്തി തൃപ്തികരമായി പൂർത്തികരിച്ചിട്ടുള്ളത്. ചില സാങ്കേതിക തടസ്സങ്ങൾ കാരണമാണ് പ്രവൃത്തിയുടെ പൂർത്തീകരണത്തിന് കാലതാമസം നേരിട്ടതെന്നും അതിനാൽ പ്രസ്തുത പ്രവൃത്തി പൂർത്തികരിച്ചതിലെ കാലതാമസം മാപ്പാക്കി അന്തിമ ബിൽ തുക അനുദിക്കുന്നതിനുള്ള അനുമതി നൽകണമെന്നും പരാമർശം (3) കത്ത് പ്രകാരം ജില്ലാകളക്ടർ അഭ്യർത്ഥിച്ചു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ, കോട്ടയം ജില്ലാകളക്ടറുടെ ശിപാർശയും നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദീകരണവും പരിഗണിച്ച് പരാമർശം (1) ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയ കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി ബ്ലോക്കിൽപ്പെട്ട പാറത്തോട് ഗ്രാമപഞ്ചായത്തിലെ പാലമ്പ്രാ - വക്കപ്പാറ റോഡ് പുനരുദ്ധാരണ പ്രവൃത്തിയുടെ പൂർത്തീകരണത്തിലുണ്ടായ കാലതാമസം മാപ്പാക്കിയും അന്തിമ ബിൽ തുകയിൽ

നിന്നും എസ്.ഡി.ആർ.എഫ്. മാനദണ്ഡ പ്രകാരം അനുവദനീയമായ പ്രവൃത്തിക്ക് വേണ്ടി ചെലവായ തുക മാത്രം അനുവദിക്കുന്നതിന് കോട്ടയം ജില്ലാകളക്ടർക്ക് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പൂജ ലാൽ കെ എ എസ്

അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് ), കേരളം, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോട്ടയം

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

കമ്മീഷണർ, ഡിസാസ്റ്റർ മാനേജ്മെന്റ്, തിരുവനന്തപുരം

ജില്ലാകളക്ടർ, കോട്ടയം

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് പകർപ്പ് (ഫയൽ നം. DMB1/75/2025-DMD)

ഉത്തരവിൻ പ്രകാരം

Signed by

Kumari Rekha S R

സെക്ഷൻ ഓഫീസർ

Date: 05-04-2025 12:19:10

പകർപ്പ്: ദുരന്ത നിവാരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. -യ്ക്ക്